# പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6263** **31.10.2011-ൽ മറുപടിക്ക്**

## പഞ്ചായത്തുകളിൽ മാലിന്യമുക്ത പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ബാബു. എം.പാലിശ്ശേരി : | | ഡോ.എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി) | |
| എ) | സംസ്ഥാനത്ത് എലിപ്പനി, ഡെങ്കിപ്പനി, കോളറ തുടങ്ങിയ രോഗങ്ങൾ പിടിപെട്ട് ഒരുപാട് പേർ മരണപ്പെടാൻ ഇടയായതിന്റെ മുഖ്യ കാരണങ്ങളിൽ ഒന്ന് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ തങ്ങളുടെ പ്രദേശങ്ങൾ മാലിന്യ മുക്തമാക്കുന്നതിൽ വരുത്തിയ വീഴ്ചയാണ് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | എ) | ഉണ്ട്. |
| ബി) | എങ്കിൽ ഗ്രാമപഞ്ചായത്തുകളിൽ മാലിന്യമുക്ത പദ്ധതി നടപ്പിലാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ് ; ഗ്രാമ പഞ്ചായത്തുകൾക്ക് നൽകുന്ന സഹായങ്ങൾ എന്തൊക്കെയാണ്; വിശദാംശം വ്യക്തമാക്കുമോ ? | ബി) | മാലിന്യ നിർമ്മാർജ്ജനം ലക്ഷ്യം വച്ചുകൊണ്ട് ശക്തമായ ഒരു സമ്പൂർണ്ണ ശുചിത്വക്യാമ്പയിൻ 2011 ഒക്ടോബർ മാസം രണ്ട് മുതൽ ഒരു വർഷക്കാലത്തേയ്ക്ക് ഒരു ജനകീയസംരംഭമായി സംഘടിപ്പിക്കുവാൻ സർക്കാർ തീരുമാനിക്കുകയുണ്ടായി. ഈ പരിപാടിയുടെ നടത്തിപ്പിനായി സംസ്ഥാനതലം മുതൽ ഗ്രാമതലങ്ങളിൽ വരെ കമ്മറ്റികൾ രൂപീകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് തലത്തിൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് അധ്യക്ഷനും, സെക്രട്ടറി കൺവീനറും, പഞ്ചായത്ത് കമ്മറ്റി അംഗങ്ങൾ, ഉദ്യോഗസ്ഥർ, സന്നദ്ധസംഘടനാ പ്രവർത്തകർ, രാഷ്ട്രീയ കക്ഷി പ്രതിനിധികൾ തുടങ്ങിയവർ പ്രസ്തുത കമ്മറ്റിയിൽ അംഗങ്ങളുമായിരിക്കും. ശുചിത്വ ക്യാമ്പയിൻ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി ശുചിത്വആരോഗ്യമാലിന്യ സംസ്കരണ വിഷയങ്ങൾ അടിസ്ഥാനമാക്കി ഊർജ്ജിത വിവര വിജ്ഞാന വ്യാപന പ്രവർത്തനങ്ങളും പഠന പ്രവർത്തനങ്ങളും സംഘടിപ്പിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. സംസ്ഥാനത്തെ മാലിന്യ സംസ്കരണ സംവിധാനം ശക്തമാക്കുന്നതുമായി ബന്ധപ്പെട്ട് സർക്കാർ തലത്തിൽ പല പദ്ധതികൾ നടപ്പിലാക്കുന്നതിൽ ഒരു പ്രധാന |

ഘടകം ഗ്രാമപഞ്ചായത്തുകളിൽ ഖര-ദ്രവ മാലിന്യ സംസ്കരണത്തിന് സമ്പൂർണ്ണ ശുചിത്വ പരിപാടിയുടെ ഭാഗമായ സഹായവും വികേന്ദ്രീകൃത മാലിന്യ സംസ്കരണം പ്രോത്സാഹിപ്പിക്കുന്നതിന് പുതിയ വികേന്ദ്രീകൃത പദ്ധതിയായ സമ്പൂർണ്ണ ശുചിത്വയജ്ഞം പദ്ധതിയിൽ ഉൾപ്പെടുത്തി നൽകി വരുന്നു. ഈ തുക 35 ലക്ഷം രൂപയായി വർദ്ധിപ്പിക്കുന്നതിന് ഇപ്പോൾ സർക്കാർ തീരുമാനം എടുത്തിട്ടുണ്ട്. കൂടാതെ സ്ഥാപനങ്ങളിലും, ചന്തകളിലും, ആശുപത്രികളിലും സ്ഥാപിക്കുന്ന ഖരമാലിന്യ സംസ്കരണ പ്ലാന്റുകൾക്ക് പദ്ധതി തുകയുടെ 60% മോ പരമാവധി 4 ലക്ഷം രൂപയോ സമ്പൂർണ്ണ ശുചിത്വയജ്ഞം പദ്ധതിയിൽ ഉൾപ്പെടുത്തി ശുചിത്വമിഷൻ മുഖാന്തിരം സഹായം ലഭ്യമാക്കി വരുന്നു. ഒരു വാർഡിനേയോ അല്ലെങ്കിൽ ഒന്നിൽ കുടുതൽ വാർഡുകളേയോ മാലിന്യമുക്തമാക്കുന്നതിന് വീടുകളിലെ മാലിന്യ സംസ്കരണം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി 50% തുക സബ്സിഡി നൽകുവാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ അനുവദിച്ചുകൊണ്ട് 73/2011/തസ്വഭവ നമ്പരിലെ 01.03.2011 ലെ സർക്കാർ ഉത്തരവ് പ്രകാരം അനുമതി നൽകിയിട്ടുണ്ട്. പഞ്ചായത്തുകളുടെ അധീനതയിലുള്ള മാർക്കറ്റുകൾ, സ്കൂളുകൾ, ആശുപത്രികൾ എന്നിവയിൽ ഖരമാലിന്യ സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിന് 75 % തുകയോ പരമാവധി 4 ലക്ഷം രൂപയോ സമ്പൂർണ്ണ ശുചിത്വയജ്ഞം ഫണ്ടിൽ നിന്ന് അനുവദിക്കും. സർക്കാരിന്റെ ആദ്യത്തെ 100 ദിന കർമ്മപദ്ധതിയിൽ ഉൾപ്പെടുത്തി 100 ഗ്രാമപഞ്ചായത്തുകളിൽ ഖരമാലിന്യ സംസ്കരണ പ്ലാന്റുകൾ സ്ഥാപിക്കുന്നതിലേയ്ക്കായി പദ്ധതി രേഖ തയ്യാറാക്കാൻ സാങ്കേതിക സഹായം നൽകുകയും അപ്രകാരം തയ്യാറാക്കി നൽകിയ പദ്ധതി രേഖ പരിശോധനയിലുമാണ്.

സെക്ഷൻ ഓഫീസർ